# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.876 — 10.02.2016 - ൽ മറുപടിയ്ക്ക്

## ഭൂജലപരിപോഷണം ജനകീയമാക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.കെ.മുരളീധരൻ | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്ത് ഭൂജലപരിപോഷണം ജനകീയമാക്കുന്നതിനുള്ള കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | ബി) മഴക്കാലത്ത് മഴവെള്ളം പരമാവധി ഭൂമിയിലേക്ക് താഴ്ത്തി ഭൂജലനിരപ്പ് ഉയർത്തുകയും അതിന്റെ ഫലമായി വേനൽക്കാലത്ത് ഒരു പരിധിവരെ ജലക്ഷാമം കുറയ്ക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അനുയോജ്യമായ സ്ഥലങ്ങളിൽ അടിയണകൾ, മഴക്കുഴികൾ, മേൽക്കൂരവഴിയുള്ള മഴവെള്ളം ശേഖരിച്ച് തുറന്ന കിണറുകൾ റീചാർജ് ചെയ്യുന്ന പദ്ധതികൾ എന്നിവ ഈ പദ്ധതിയിൻകീഴിൽ നടപ്പാക്കി വരുന്നു. |

സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

സി) ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പാക്കി വരുന്നു. ഭൂജല നിരപ്പ് ഉയർത്തുന്നതിനായി മഴവെള്ളം മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്നതിനായി തടയണകൾ, അടിയണകൾ, മഴക്കുഴികൾ, തുറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം **80** റീചാർജ്ജ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം **40** ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ